## കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

**ഹാജർ : ഡോ. ആർ. കമലാഹർ ഐ.എഫ്.എസ്.**

വിഷയം :- വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം – ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- ഈ കാര്യാലയത്തിലെ 30.07.2019 ലെ ക്യൂ.ഇ1-150/18 നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ ക്യൂ.ഇ1-733/2026 തീയതി 25-07-2026

ഈ സർക്കിളിലെ വിവിധ ഡിവിഷനുകളിൽ 30.04.2026 ലെ വിരമിക്കലിലൂടെ രണ്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകളും 31.05.2026 ലെ വിരമിക്കലിലൂടെ 16 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകളും ചേർത്ത് ആകെ 18 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. സൂചന പ്രകാരമുള്ള സർക്കിൾതല സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 211 വരെയുള്ള ജീവനക്കാരിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റത്തിന് യോഗ്യരായവർക്ക് മുൻപിനാലെ വിവിധ ഘട്ടങ്ങളിൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

ടി ലിസ്റ്റിൽ തുടർന്ന് സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ട ക്രമ നമ്പർ 213, 220, 234 ലെ ജീവനക്കാർ ഡിപ്പാർട്ട്മെന്റ് വിട്ടുപോയിട്ടുള്ളതാണ്. കൂടാതെ ക്രമനമ്പർ 224, 225, 229 ലെ ജീവനക്കാർ സ്ഥാനക്കയറ്റത്തിന് ആവശ്യമായ വകുപ്പുതല പരീക്ഷ വിജയിച്ചിട്ടില്ലായെന്നും ക്രമനമ്പർ 227 ലെ ജീവനക്കാരനെതിരെ അച്ചടക്ക നടപടി നിലവിലുണ്ടെന്നും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവർ ഒഴികെ ടി ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റത്തിന് അർഹരായിട്ടുള്ള 18 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/പെൻ | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | ഡിവിഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | അനീഷ് എ. (658775) | 212 | റാന്നി | 30.04.2026 |
| 2 | ദീപക് മോഹൻ എം. എസ്. (678022) | 214 | വൈൽഡ് ലൈഫ് ഡിവിഷൻ, തിരുവനന്തപുരം | 30.04.2026 |

| ക്രമ നം. | പേര്/പെൻ | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | ഡിവിഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 3 | ജോസ് എ. (711067) | 215 | കോന്നി | 31.05.2026 |
| 4 | അനീഷ് എസ്. (686394) | 216 | റാന്നി | 31.05.2026 |
| 5 | കെ. എസ്. ശ്രീരാജ് (712475) | 217 | കോന്നി | 31.05.2026 |
| 6 | ഹനീഷ് വി. പി. (693281) | 218 | വനം വിജിലൻസ്, പുനലൂർ | 31.05.2026 |
| 7 | രതീഷ് ചന്ദ്രൻ (688252) | 219 | കോന്നി | 31.05.2026 |
| 8 | വിനോദ് വി. (712485) | 221 | കോന്നി | 31.05.2026 |
| 9 | മണിക്കുട്ടൻ പി.ടി. (680615) | 222 | റാന്നി | 31.05.2026 |
| 10 | ഷിന്റോ ജോസഫ് (683427) | 223 | റാന്നി | 31.05.2026 |
| 11 | റ്റിജി ടി. (691311) | 226 | റാന്നി | 31.05.2026 |
| 12 | സാന്ദ്ര എസ്. ബി. (712192) | 228 | FMIS, തിരുവനന്തപുരം | 31.05.2026 |
| 13 | ടി. സുനിൽ (715045) | 230 | എസ്.ഐ.പി., കൊല്ലം | 31.05.2026 |
| 14 | സുജേഷ് കുമാർ എസ്. (716011) | 231 | പുനലൂർ | 31.05.2026 |
| 15 | ആർ. ബിനിൽ (714984) | 232 | തെന്മല | 31.05.2026 |
| 16 | സജു എസ്. (715876) | 233 | വനം വിജിലൻസ്, തിരുവനന്തപുരം | 31.05.2026 |
| 17 | മുനീർ ജെ. എസ്. (716030) | 235 | കോന്നി | 31.05.2026 |
| 18 | വി. എസ്. ഗോപകുമാർ (715327) | 236 | കോന്നി | 31.05.2026 |

മേൽ ലിസ്റ്റിലെ ക്രമ നമ്പർ 9, 14 എന്നിവർ സ്ഥാനക്കയറ്റത്തിന് ആവശ്യമായ വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടില്ല. എന്നാൽ KS&SSR 13 A (1) (a) പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ സ്ഥാനക്കയറ്റത്തിന് സമയമാകുന്ന അവസരത്തിൽ നിർബന്ധിത വകുപ്പുതല പരീക്ഷ യോഗ്യതകൾ നേടിയിട്ടില്ലെങ്കിൽ ആയതിൽ നിന്നും നിശ്ചിത കാലയളവിലേക്ക് ഇളവ് അനുവദിക്കുന്നതാണ്. ടിയാന്മാർ മൂന്ന് വർഷത്തിനുള്ളിൽ വകുപ്പുതല പരീക്ഷ

വിജയിച്ചില്ലെങ്കിൽ KS&SSR 13 A (2) പ്രകാരം ടി ജീവനക്കാരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് റിവേർട്ട് ചെയ്യുന്നതായിരിക്കും.

മേൽ പറഞ്ഞ രണ്ട് ജീവനക്കാർ ഒഴികെ മറ്റ് 16 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും പ്രൊബേഷനും ട്രെയിനിങ്ങും പൂർത്തിയാക്കിയവരും വകുപ്പുതല പരീക്ഷകൾ വിജയിച്ചവരുമാണെന്നും ടിയാളുകളുടെ പേരിൽ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലായെന്നും സ്ഥാനക്കയറ്റത്തിന് യോഗ്യരാണെന്നും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന്മാരുടെ സേവന വിവരങ്ങൾ പരിശോധിച്ചതിലും ടിയാന്മാർ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 2010 & കേരള സബോർഡിനേറ്റ് സർവ്വീസ് (അമൻമെന്റ്) സ്പെഷ്യൽ റൂൾസ് 2014 പ്രകാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് അർഹരാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മേൽ പറഞ്ഞിട്ടുള്ള 18 (പതിനെട്ട്) ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് 37400-79000 ശമ്പള സ്കെയിലിൽ KS&SSR ചട്ടം 28 പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി ടിയാന്മാരുടെ പേരിന് നേർക്ക് കൊടുത്തിട്ടുള്ള പ്രാബല്യ തീയതിയിൽ താത്ക്കാലിക സ്ഥാനക്കയറ്റം നൽകി കൊണ്ട് സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായ ഡോ. ആർ. കമലാഹർ ഐ.എഫ്.എസ്. എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു. ടിയാന്മാരുടെ സ്ഥാനക്കയറ്റം ഭരണപരമായ സൗകര്യാർത്ഥമുള്ള താത്ക്കാലിക സംവിധാനം മാത്രമാണ്. ആയത് പ്രകാരമുള്ള തുടർനടപടികൾക്ക് ഭാവിയിൽ വിധേയമായേക്കാവുന്നതാണ്.

Digitally signed by
R Kamalahar
Date: 25-07-2026
16:01:25

CHIEF CONSERVATOR OF FORESTS

പകർപ്പ് :-

1. ബന്ധപ്പെട്ട ജീവനക്കാർക്ക് കാര്യാലയ മേധാവികൾ മുഖേന നൽകുന്നു.
2. ബഹു. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി), തിരുവനന്തപുരത്തിന് വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി നൽകുന്നു.
4. ഫയലിലേക്ക്.